# Deepika

## 18 July 2018

## Kochi, Heavy Rain, Rain Havoc, Flood



# പെയ്തും തോർന്നും മഴ...

കൊച്ചി: പെയ്തും തോർന്നും മഴ തുടരുമ്പോഴും ദുരിതമൊഴിയാതെ നഗരവാസികൾ. തുടർച്ചയായ പെയ്ത്തിനുശേഷം ഇന്നലെ പകൽ മഴ മാറി നിന്നതോടെ നഗരത്തിലെ വെള്ളക്കെട്ടുകൾ താഴ്ന്നെങ്കിലും ജനങ്ങളുടെ ദുരിതമൊഴിഞ്ഞില്ല.

നഗരത്തിലെ വിവിധ പ്രദേശങ്ങളിൽ രൂപംകൊണ്ട വെള്ളക്കെട്ടുകൾ ഇറങ്ങിത്തുടങ്ങിയെങ്കിലും പ്രധാന റോഡുകളിൽ ഗതാഗതം ഏറെ ദുഷ്കരമായിരുന്നു. മെട്രോയുടെ പണികൾ പുരോഗമിക്കുന്ന എംജി റോഡിലും വൈറ്റില ജംഗ്ഷനിലും മണിക്കൂറുകളോളം ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടു. മഴയിൽ വെള്ളം കയറിയ സൗത്ത് റെയിൽവേ സ്റ്റേഷൻ ട്രാക്ക് ഇന്നലെ പൂർവസ്ഥിതിയിലായി. അതേസമയം മെട്രോയുടെ പണി നടക്കുന്നതിനാൽ റെയിൽവേ സ്റ്റേഷനിലേക്കുള്ള പ്രധാന കവാടമായ സൗത്ത് ജംഗ്ഷനിൽ ചെറിയ തോതിൽ ഇപ്പോഴും വെള്ളക്കെട്ടുണ്ട്. ഇതു കാൽനട യാത്രക്കാരെ വലച്ചു.

എംജി റോഡിൽ ജോസ് ജംഗ്ഷൻ, പത്മ എന്നിവിടങ്ങളിലെ വെള്ളക്കെട്ടും കുറഞ്ഞു. വൈറ്റില ജംഗ്ഷനിൽ രൂപപ്പെട്ട വെള്ളക്കെട്ടുകൾ ഒഴിവായെങ്കിലും റോഡിലെ കുഴികൾ ഗതാഗതക്കുരുക്കിന് കാരണമായി. മേൽപ്പാലത്തിന്റെയും മെട്രോയുടെയും പണികൾ മൂലം വൈറ്റിലയിൽ വാഹനങ്ങൾ ഇഴഞ്ഞു നീങ്ങുന്നത് ഇന്നലെയും മണിക്കൂറുകളോളം ഗതാഗതക്കുരുക്കിനിടയാക്കി.

കെഎസ്ആർടിസി ബസ്സ്റ്റാൻഡിലെ വെള്ളക്കെട്ട് കുറയാത്തത് ഇന്നലെയും യാത്രക്കാരെ വലച്ചു. ഇവിടെ ഇരിപ്പിടങ്ങളിൽ ഉൾപ്പെടെ വെള്ളം കയറിയിരുന്നു. സമീപപ്രദേശത്തെ ഓടകൾ നിറഞ്ഞ് മാലിന്യം ഉൾപ്പെടെ സ്റ്റാൻഡിലേക്ക് ഒഴുകിയെത്തിയതോടെ വൃത്തിഹീനമായ ചുറ്റുപാടിലാണ് കെഎസ്ആർടിസി ബസ്സ്റ്റാൻഡു പരിസരവും.

പകൽ മഴ വിട്ടുനിന്നതോടെ ഉദയ കോളനിക്കു പിന്നിലെ പേരണ്ടൂർ കനാലിൽ പോള നീക്കം ചെയ്യൽ ആരംഭിച്ചു. വീടുകളിൽ വെള്ളം കയറിയതിനെത്തുടർന്ന് ഇവിടെനിന്ന് ഏതാനും വീട്ടുകാരെ എസ്ഡി കോൺവന്റിലേക്ക് മാറ്റിപ്പാർപ്പിച്ചിരുന്നു. കോർപറേഷന്റെയും വൈഡബ്ല്യുസിഎയുടെയും സഹകരണത്തോടെ ഉദയ കോളനിയിലെ 125ഓളം കുടുംബങ്ങൾക്ക് എസ്ഡി കോൺവന്റ് ഭക്ഷണ സാധനങ്ങൾ പാകം ചെയ്തു നൽകി. രണ്ടു ദിവസമായി കോളനി നിവാസികൾക്കു ഭക്ഷണം വിതരണം ചെയ്യുന്നതായി സിസ്റ്റർ അനീഷ പറഞ്ഞു.

തിങ്കളാഴ്ച രാത്രി പെയ്ത കനത്തമഴയിലും കാറ്റിലും കരിത്തല കോളനിയിൽ ഒരു വീടിന്റെ മേൽക്കൂര തകർന്നു. സേലം സ്വദേശി സലാമിന്റെ വീടാണ് ഭാഗികമായി തകർന്നു വീണത്. രാത്രി പത്തോടെയോടെ വീട്ടുകാർ ഭക്ഷണം കഴിക്കുന്നതിനിടെയാണ് വലിയ ശബ്ദത്തോടെ വീടിന്റെ ഒരു ഭാഗത്തെ മേൽക്കൂര ഇടിഞ്ഞുവീണത്. അപകടത്തിൽ സമാലിന്റെ മകൻ ഷെമീറി(14)ന് തലയ്ക്കു പരിക്കേറ്റു. പരിക്ക് ഗുരുതരമല്ല. എറണാകുളം ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച ഷെമീറിനെ

മഴവെള്ളം കയറിയ ഉദയ കോളനിയിലെ കുടുംബങ്ങൾക്കായി എസ്ഡി കോൺവന്റിന്റെ നേതൃത്വത്തിൽ നടത്തിയ ഭക്ഷണ വിതരണം.